ലേഖനം ●

ഷാനവാസ് കൊല്ലം



# കുഞ്ഞ് വെറുമൊരു മാംസത്തുണ്ടല്ല

**ഒരു** സ്ത്രീക്കും പുരുഷന്നും കുഞ്ഞ് ഇത്രയേറെ അസൗകര്യമാണെന്നത് ഉത്തരാധുനിക വിവരക്കേടിന്റെ (ജാഹിലിയ്യത്ത്) ഒരു തീർപ്പാണ്. ഗർഭം ധരിക്കാനും പ്രസവിക്കാനും മുലയൂട്ടാനും അസൗകര്യം. എന്നാൽ കുഞ്ഞ് വേണം താനും. മാനവികതയോടുള്ള പ്രതിബദ്ധതയല്ല ഈ വിചാരത്തിന്റെ പ്രചോദനം.

ഒരു കുഞ്ഞ് എന്നത് ചലിക്കുന്ന മാംസത്തുണ്ടല്ല; അതിനപ്പുറം പല മാനങ്ങളും അവനെ ചൂഴ്ന്നു നിൽക്കുന്നു. ഒരു കുഞ്ഞിനെക്കുറിച്ച സങ്കൽപത്തെ വൈകാരികതയിൽനിന്നും ആത്മീയതയിൽനിന്നും അടർത്തി മാറ്റി ജൈവികതയിലേക്ക് ന്യൂനീകരിച്ച ശേഷം യാന്ത്രികതയിലേക്ക് സന്നിവേശിപ്പിക്കുകയാണ് മുതലാളിത്തം ചെയ്യുന്നത്. അവിടെ കുഞ്ഞ് ഒരു ചരക്ക് മാത്രമാണ്. കുഞ്ഞ് ചരക്കായി മാറുമ്പോൾ ഗർഭാശയം ഫാക്ടറിയും ഗർഭവും പ്രസവവുമൊക്കെ പേയിംഗ് സർവീസ് മാത്രവുമായിത്തീരുന്നു. ഒരർഥത്തിൽ മനുഷ്യനെ അങ്ങാടിയിലെ വിൽപനച്ചരക്കാക്കുന്ന പഴയ അടിമത്തം തിരിച്ചുവരികയാണ്.

വായുവിൽ തങ്ങിനിൽക്കുന്ന അപ്പൂപ്പൻ താടിപോലെ രണ്ടമ്മമാർക്കിടയിൽ എങ്ങോട്ട് പോകണമെന്നറിയാതെ തൂങ്ങിയാടുന്ന ഒരു കുഞ്ഞിനെ ആലോചിച്ചു നോക്കൂ. രണ്ടമ്മയുണ്ടായിട്ടും മാതൃത്വമുള്ള ഒരമ്മയില്ലാത്ത അനാഥത്വത്തിലേക്കാണവൻ പിറന്നു വീഴുന്നത്. ഭൂമിയിലെ ഏറ്റവും നിസ്സഹായനും നിർഭാഗ്യവാനും അവനാണ്. രണ്ടമ്മയും സാങ്കേതിക അമ്മമാർ മാത്രമാണ്. വൈകാരികമോ മാനസികമോ ആയ ഒരു മാതൃഭാവം അവനന്യമാണ് എന്നത് പോകട്ടെ, അവന്റെ ജൈവിക സ്വത്വം പോലും രണ്ടു പേർക്കുമിടയിൽ പകുക്കപ്പെട്ടതാണ്. ഒരുവൾ അണ്ഡം നൽകുന്നു; മറ്റവൾ ഗർഭം ചുമന്ന് പ്രസവിക്കുന്നു. ഒരു മാസമോ മറ്റോ മുലയൂട്ടുന്നു. പിന്നെ കുഞ്ഞിന്റെ വിശപ്പോ ജീവൻ പോലുമോ അവളുടെ വേവലാതി അല്ല.

മനുഷ്യ ലൈംഗികതയുടെ സ്വാഭാവിക പരിണതിയാണ് ഒരു

വായുവിൽ തങ്ങിനിൽക്കുന്ന അപ്പൂപ്പൻ താടിപോലെ രണ്ടമ്മമാർക്കിടയിൽ എങ്ങോട്ട് പോകണമെന്നറിയാതെ തൂങ്ങിയാടുന്ന ഒരു കുഞ്ഞിനെ ആലോചിച്ചു നോക്കൂ. രണ്ടമ്മയുണ്ടായിട്ടും മാതൃത്വമുള്ള ഒരമ്മയില്ലാത്ത അനാഥത്വത്തിലേക്കാണവൻ പിറന്നു വീഴുന്നത്. ഭൂമിയിലെ ഏറ്റവും നിസ്സഹായനും നിർഭാഗ്യവാനും അവനാണ്. രണ്ടമ്മയും സാങ്കേതിക **അമ്മമാർ മാത്രമാണ്.**

മനുഷ്യക്കുഞ്ഞ്. ലൈംഗികതയെ സംബന്ധിച്ച സങ്കല്‍പത്തില്‍നിന്നാണ് കുഞ്ഞിനെക്കുറിച്ച സങ്കല്‍പവും രൂപപ്പെടുന്നത്. ലൈംഗികത മനുഷ്യന്റെ ഒരു ജൈവികാവശ്യം മാത്രമാണ് എന്നതാണ് ഭൗതിക വാദപരമായ തീര്‍പ്പ്. ലൈംഗികതയിലെ മൂല്യബോധവും ഉത്തരവാദിത്വങ്ങളും അതോടെ അപ്രസക്തമാവുന്നു. അവിടെ സ്വവര്‍ഗരതിയും വിവാഹ ബാഹ്യ ബന്ധങ്ങളും വിവാഹാധിഷ്ഠിത ബന്ധങ്ങളും തമ്മില്‍ വ്യത്യാസമില്ല. വിഹിതം/ അവിഹിതം എന്ന ചര്‍ച്ചയുടെ ആവശ്യവുമില്ല. എല്ലാം 'ലൈംഗികതയുടെ വ്യത്യസ്തവും സര്‍ഗാത്മകവുമായ ആവിഷ്കാരങ്ങള്‍' എന്നാണ് ഭൗതികവാദ സമീപനം. ഈയൊരു ദര്‍ശനത്തിന്റെ സ്വാഭാവികതയിലാണ് വേശ്യാവൃത്തി (കൈതൊഴില്‍ എന്നതുപോലെ 'ലൈംഗിക തൊഴില്‍' എന്ന ഒരു മഹത്വവത്കരണം മെല്ലെയാണെങ്കിലും കൈവരുന്നു) മുതല്‍ വാടക മാതൃത്വം വരെ ഇടം കണ്ടെത്തുന്നത്.

ലൈംഗികതയെ സംബന്ധിച്ച സങ്കല്‍പത്തില്‍ മൗലികമായ മാറ്റം വരുത്തിക്കൊണ്ടേ ഈ പ്രശ്നങ്ങള്‍ പരിഹരിക്കാന്‍ കഴിയൂ. ഒരു സത്ത (നഫ്സ്)യുടെ തന്നെ അനുപൂരക ഘടകങ്ങളായ (അസ്‌വാജ്) ആണിനെയും പെണ്ണിനെയും പ്രേമപൂര്‍വം, കാരുണ്യപൂര്‍വം ജന്മ സാഫല്യത്തിന്റെ ആര്‍ദ്ര ശാന്തതയിലേക്ക് കൂട്ടിച്ചേര്‍ക്കുന്ന പ്രതിഭാസമാണ് മനുഷ്യനിലെ ലൈംഗികത എന്നതാണ് ഖുര്‍ആനിക സങ്കല്‍പം (30:21). ദൈവസാന്നിധ്യത്തിന്റെ അടയാളക്കുറികളായ (ആയാത്ത്), പ്രപഞ്ചത്തിലെ മഹാപ്രതിഭാസങ്ങളിലൊന്നത്രെ ഇത് എന്നും ഖുര്‍ആന്‍ പറയുന്നുണ്ട്. പെണ്ണ് ആണിനെയും ആണ് പെണ്ണിനെയും പൊതിഞ്ഞു കാക്കുന്ന അലങ്കാരമുള്ള ഉടയാടകളാണെന്ന് പറയുമ്പോള്‍ (2:187) ലൈംഗിക ബന്ധത്തിലെ പങ്കാളികള്‍ക്കിടയില്‍ നിത്യമായി നിലനില്‍ക്കേണ്ട വൈകാരികവും മാനസികവുമായ ഇഴയടുപ്പത്തെ ഊന്നിപ്പറയുകയാണ് ചെയ്യുന്നത്. ഇതിലൂടെ ലൈംഗികതയുടെ മൂല്യാധിഷ്ഠിതവും ഉത്തരവാദപൂര്‍ണവുമായ ആവിഷ്കാരരീതിയെ മുന്നോട്ടു വെക്കുകയാണ് ഖുര്‍ആന്‍.

രണ്ട് അനുപൂരക സ്വത്വങ്ങളുടെ മാനസികവും വൈകാരികവുമായ ചേര്‍ച്ചയെ തുടര്‍ന്നുവരുന്ന ജൈവിക സംയോഗത്തിന്റെ ഫലമാണ് ഒരു കുഞ്ഞ്. അഥവാ മനുഷ്യന്റെ വൈകാരികവും ജൈവികവും ആത്മീയവുമായ സത്തകളുടെ സംയോജനം. ഒരു പൂ വിടരുന്നതുപോലെ പ്രകൃതിയുടെ സര്‍ഗാത്മക സ്വാഭാവികതയുടെ പുഞ്ചിരിയാണ് ഓരോ കുഞ്ഞും. ഒരാണും പെണ്ണും ചേര്‍ന്ന് സ്വര്‍ഗീയമായ സ്നേഹത്തിന്റെ വിശുദ്ധ മഷികൊണ്ട് പ്രകൃതിയുടെ പട്ടു കാന്‍വാസില്‍ വരയുന്ന ചിത്രമാണത്. അല്ലെങ്കില്‍ സ്വര്‍ഗീയ പദങ്ങള്‍ സ്വപ്നത്തില്‍ ചാലിച്ചെഴുതുന്ന കവിത. അങ്ങനെ വരുമ്പോള്‍ ഗര്‍ഭം, പ്രസവം, മുലയൂട്ടല്‍ ഒന്നും തനിക്ക് വഹിക്കാനാവാത്ത ഭാരം എന്ന് പെണ്ണിന് തോന്നില്ല. അല്ലെങ്കില്‍ മാനവികതയുടെ ഭാവിക്കു വേണ്ടി ദൈവം തന്നിലൂടെ നിര്‍വഹിക്കുന്ന ഒരു സര്‍ഗാത്മക കര്‍മംഎന്ന ബോധം അവള്‍ക്കുണ്ടാവുന്നു. ഒരു പനിനീര്‍പ്പൂവ് ഒരിക്കലും ചെടിക്കൊരു ഭാരമല്ലല്ലോ. ചെടിയുടെ സ്വപ്നങ്ങളും ആത്മഗതങ്ങളും ഘനീഭവിച്ച് ഒരു പൂവായ് വിടര്‍ന്ന് മണം പൊഴിക്കുമ്പോള്‍ ചെടി ആഹ്ലാദത്തില്‍ മതിമറക്കുകയാണ് എന്നവള്‍ തിരിച്ചറിയും.

കാരുണ്യക്കൂട് എന്നര്‍ഥം പറയാന്‍ പറ്റുന്ന റഹ്മ് എന്ന പദമാണ് ഗര്‍ഭാശയത്തിന് ഖുര്‍ആന്‍ പ്രയോഗിച്ചത്. കാരുണ്യം ഒരു ജൈവിക ഗുണമല്ല, ഒരു ആത്മീയ ഭാവമാണ്. എന്നാല്‍ ഗര്‍ഭാശയം ഒരു ജൈവിക ഘടകമാണ്. അതിനെ റഹ്മ് എന്ന് പേര്‍ വെച്ചതിന്റെ സാംഗത്യം, മാതാവിന്റെ ജൈവഘടനയില്‍ കുഞ്ഞിന് വേണ്ടി നീക്കിവെച്ച ഭാഗം പോലും ജൈവികതക്കതീതമായ ഒരാത്മീയ മാനത്തെ ചൂഴ്ന്നു നില്‍ക്കുന്നു എന്ന് സൂചിപ്പിക്കുന്നു. 'നന്ദി ആരോടു ഞാന്‍ ചൊല്ലേണ്ടൂ... പാതി മെയ്യായ പിതാവിനോ, പിന്നെ പാതി മെയ്യായ മാതാവിനോ പിന്നെയും പത്തു മാസം ചുമന്നെന്നെ ഞാനാക്കിയ ഗര്‍ഭപാത്രത്തിനോ' എന്ന കവിവാക്യം നമ്മുടെ ചര്‍ച്ചയില്‍ പ്രസക്തമാണ്.

ഒരു ചെറു വിത്തായി അമ്മയുടെ കാരുണ്യക്കൂടിന്റെ (ഗര്‍ഭപാത്രം) മൃദുല പ്രതലത്തിലേക്ക് അവകാശബോധത്തോടെ വേരുകളാഴ്ത്തുന്ന കുഞ്ഞിന്റ ആകാശവും ഭൂമിയും അമ്മയാണ്. പൊക്കിള്‍കൊടിയിലൂടെ കുഞ്ഞ് അമ്മയില്‍നിന്നും വലിച്ചെടുക്കുന്നത് ശരീരത്തിനുള്ള പോഷകങ്ങള്‍ മാത്രമല്ല, അവളുടെ വികാരങ്ങളും സ്വപ്നങ്ങളും കൂടിയാണ്. ചില നേരങ്ങളില്‍ അമ്മയുടെ മറയില്ലാത്ത ഹൃദയത്തോട് ചെവികള്‍ ചേര്‍ത്തു വെച്ച് അതിന്റെ മിടിപ്പുകളാവാഹിച്ച് കുഞ്ഞ് സ്വയം സ്വപ്നങ്ങള്‍ നെയ്യാറുമുണ്ട്.

കരുണാനീഡ(നീഡം= കൂട്)ത്തില്‍ വേരെടുത്ത് കുഞ്ഞിലകള്‍ വന്ന് ചെറു ശിഖരങ്ങള്‍ വെച്ച് ഒരു തൈ ചെടിയായി



കാരുണ്യക്കൂട് എന്നര്‍ഥം പറയാന്‍ പറ്റുന്ന റഹ്മ് എന്ന പദമാണ് ഗര്‍ഭാശയത്തിന് ഖുര്‍ആന്‍ പ്രയോഗിച്ചത്. കാരുണ്യം ഒരു ജൈവിക ഗുണമല്ല, ഒരു ആത്മീയ ഭാവമാണ്. എന്നാല്‍ ഗര്‍ഭാശയം ഒരു ജൈവിക ഘടകമാണ്. അതിനെ റഹ്മ് എന്ന് പേര്‍ വെച്ചതിന്റെ സാംഗത്യം, മാതാവിന്റെ ജൈവഘടനയില്‍ കുഞ്ഞിന് വേണ്ടി നീക്കി വെച്ച ഭാഗം പോലും ജൈവികതക്കതീതമായ ഒരാത്മീയ മാനത്തെ ചൂഴ്ന്നു നില്‍ക്കുന്നു എന്ന് സൂചിപ്പിക്കുന്നു.

അവന്‍ പിറന്ന് വീഴേണ്ടത് അവനുയിരേകിയ മാതാപിതാക്കളുടെ കൈകളിലേക്കാണ്. അവരുടെ പരിലാളനയും കാവലുമില്ലെങ്കില്‍ കാറ്റും വെയിലുമേറ്റ് അത് കരിഞ്ഞുപോവും. മാതാവിന്റെ സ്തനങ്ങളില്‍ പഞ്ചാരമധുരമുള്ള പാല്‍ ദൈവം നിക്ഷേപിച്ചത് കുഞ്ഞിന് വേണ്ടിയാണ്. "മാതാക്കള്‍ പൂര്‍ണമായ രണ്ട് കൊല്ലം കുഞ്ഞുങ്ങള്‍ക്ക് മുലയൂട്ടണം" (2:233) എന്ന് ഖുര്‍ആന്‍. അവരുടെ വാത്സല്യവും സ്നേഹവും ബന്ധങ്ങളും അവന് ആയിരം സാമ്രാജ്യങ്ങളെക്കാളും വിലപ്പെട്ടതാണ്. അതുകൊണ്ട് തന്നെയാവണം ലോകര്‍ക്ക് മുഴുവന്‍ കാരുണ്യദീപമായി വന്ന പ്രവാചകന്‍ ഇങ്ങനെ പറഞ്ഞത്: "നിങ്ങള്‍ എപ്പോഴും കുഞ്ഞുങ്ങളെ ഒപ്പം കൂട്ടുക. അവരെ സംസ്കാരം ശീലിപ്പിക്കുക.'' ''കുഞ്ഞുങ്ങളെ വാത്സല്യം കൊണ്ട് പൊതിയൂ... അവരില്‍ കാരുണ്യം

ചൊരിയൂ....” (ത്വഹാവി) എന്നും അവിടുന്ന് ഉപദേശിക്കുന്നുണ്ട്. ഒരാൾ നബി(സ)യോട് ചോദിച്ചു: “റസൂലേ... എന്റെയീ പൈതലിന്റെ അവകാശങ്ങളെന്തൊക്കെ?” നബി(സ) ഉത്തരമേകി: “നല്ല പേര് നൽകുക, നല്ലത് ശീലിപ്പിക്കുക, നല്ല വാസസ്ഥലം ഒരുക്കി കൊടുക്കുക” (ത്വൂസീ).

ഖുർആൻ കുഞ്ഞുങ്ങളെക്കുറിച്ച് വ്യാകുലപ്പെടുന്നുണ്ട്. ഖുർആൻ അവതരണത്തിന് മുമ്പുള്ള ഇരുണ്ട കാലത്ത് (ജാഹിലിയ്യത്ത്) അറേബ്യയിൽ പെൺകുഞ്ഞുങ്ങൾ കുഴിച്ചുമൂടപ്പെട്ടിരുന്നതിനെ കരള് പിളർക്കുന്ന തീക്ഷ്ണതയോടെ അത് വരച്ചു കാട്ടുന്നു. ‘‘തനിക്ക് പെൺകുഞ്ഞ് പിറന്നിരിക്കുന്നു എന്ന സന്തോഷിക്കേണ്ട വാർത്ത കേട്ടാൽ അവരുടെ മുഖം ദുഃഖത്താൽ കറുത്തിരുണ്ട് പോവും. ഈ സന്തോഷ വാർത്തയുടെ അപമാനത്താൽ അവൻ ആളുകൾ കാണാതെ ഒളിച്ചിരിക്കും. മാനക്കേട് സഹിച്ച് അതിനെ പോറ്റണമോ മണ്ണിൽ കുഴിച്ചുമൂടി ശല്യം ഒഴിവാക്കണമോ?- ഇതാണയാളുടെ ചിന്ത. എത്ര നീചമാണ് ഇവരുടെ വിധിതീർപ്പുകൾ!” (*അന്നഹ്ൽ* 58,59). അന്തസ്സോടെ ജീവിക്കാനുള്ള അവകാശം ഖുർആൻ അവൾക്ക് നേടിക്കൊടുത്തു. നിയമപുസ്തകത്തിലെ ഫലമുൽപാദിപ്പിക്കാത്ത ചത്ത വചനങ്ങളുടെ ഔപചാരികമായ പ്രഖ്യാപനം കൊണ്ടല്ല, വിശ്വാസം കൊണ്ട് സംസ്കരിച്ച ഹൃദയങ്ങളെ പിടിച്ചുലക്കുന്ന സംവേദന തീവ്രത കൊണ്ട്. ഗർഭവും പ്രസവവും മുലയൂട്ടലും പ്രതിഫലാർഹമായ പുണ്യകർമമെന്ന ചിന്ത ഉൽപാദിപ്പിച്ചുകൊണ്ട്.

ഫിർഔനിനെതിരെയുള്ള നിരന്തരമായ വിമർശനം അയാൾ ആൺകുഞ്ഞുങ്ങളെ കൊല്ലുന്നു എന്നതാണ്. മൂസാ നബിയുടെ നിയോഗത്തിന്റെ മുഖ്യമായ ഒരു പ്രമേയം ഈ കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടമായിരുന്നു. ഇങ്ങനെ കുഞ്ഞുങ്ങൾക്കു വേണ്ടി, അവരുടെ അവകാശങ്ങൾക്കു വേണ്ടി പോരാടിയ ദീർഘ ചരിത്രം ഇസ്‌ലാമിനുണ്ട്. മാത്രമല്ല, ഇത് വർത്തമാനകാലത്ത് നിലനിൽക്കണമെന്നും ഭാവിയിലും തുടരണമെന്നുമാണ് ഇസ്‌ലാമിന്റെ അഭിലാഷം. എല്ലാ കാലത്തുമുള്ള സത്യവിശ്വാസികളോടുള്ള സമരാഹ്വാനത്തിൽ ‘കുഞ്ഞുങ്ങൾക്കു വേണ്ടിയുള്ള സമരം’ (4:75) ഖുർആൻ എണ്ണിപ്പറയുന്നുണ്ട്.

സുരഭിലമായ മാതൃ-സന്താന, പിതൃ-സന്താന ബന്ധത്തിന്റെ എത്ര മനോജ്ഞ ചിത്രങ്ങളെയാണ് ഖുർആൻ ഉള്ളിലൊതുക്കിയിരിക്കുന്നത്! തന്റെ തങ്കക്കനി വിദൂരതയിലെവിടെയോ നഷ്ടപ്പെട്ടതോർത്ത് വിതുമ്പിക്കരഞ്ഞ് കാലം കഴിക്കുന്ന യഅ്ഖൂബ് (അ). താൻ കാണുന്ന സ്വപ്നങ്ങൾ പോലും പിതാവുമായി പങ്കുവെക്കുന്ന യൂസുഫി(അ)ന്റെ യഅ്ഖൂബുമായുള്ള ബന്ധത്തിന്റെ നനുത്ത ചിത്രങ്ങൾ ഖുർആൻ വരച്ചുകാട്ടുന്നുണ്ട്. ഒരു പിതാവിന്റെ പുത്രവാത്സല്യത്തിന്റെ ചൂടും ചൂരും ഓരോ വാക്കിലും തങ്ങി നിൽക്കുന്ന ലഖ്മാന്റെ സാരോപദേശങ്ങൾ (സൂറഃ *ലുഖ്മാൻ*). പിതാവായ ഇബ്റാഹീം നബിയുടെ തണലിൽ വളർന്ന് കരുത്തു നേടുന്ന ഇസ്മാഈൽ (അ) (37:102)

പിൻതലമുറകൾക്കു വേണ്ടിയുള്ള ഇബ്റാഹീം(അ) നബിയുടെ ഉത്കണ്ഠകൾ ഖുർആൻ പലയിടങ്ങളിലും കോറിയിടുന്നുണ്ട്. “നാഥാ എന്റെ കുഞ്ഞുങ്ങളെ വിത്തു പൊടിയാത്ത ഈ താഴ്‌വരയിൽ പാർക്കാൻ വിടുകയാണ്, അവർ നമസ്കാരം നിഷ്ഠയോടെ നിലനിർത്താൻ വേണ്ടി. ജനഹൃദയങ്ങളിൽ അവരോട് അലിവുണ്ടാക്കേണമേ... കായ്കനികൾക്കൊണ്ട വർക്കാഹാരം നൽകേണമേ..... അവർ നന്ദിയോടെ ജീവിച്ചേക്കും (14:37).

വാർധക്യത്തിന്റെ പാരമ്യതയിൽ തല നരച്ചു വെളുത്തിട്ടും എല്ലുകൾ ദുർബലമായിട്ടും ഒരു കുഞ്ഞിക്കാലു കാണാനുള്ള തീവ്ര മോഹത്താൽ ഉള്ളുരുകി പ്രാർഥിക്കുന്ന സകരിയ്യാ(അ)നെയും നാം കാണുന്നു. താൻ കൊണ്ടുവന്ന സത്യസന്ദേശത്തെ തള്ളിക്കളഞ്ഞിട്ടും മകന്റെ നാശത്തെക്കുറിച്ച ആശങ്കയാൽ നൂഹ് നബി(അ)യുടെ പുത്രവൽസല ഹൃദയം നൊന്തു കേഴുന്നതു കാണുമ്പോൾ ഏത് പിതാവിന്റെ കണ്ണാണ് ഈറനണിയാത്തത്?

തന്റെ കുഞ്ഞിനെ ഫിർഔന്റെ കിങ്കരന്മാരിൽനിന്ന് രക്ഷിക്കാൻ വേണ്ടി മൂസാ(സ)യുടെ മാതാവ് കാഴ്ചവെച്ച തീവ്രയത്നങ്ങൾ ഖുർആൻ പരാമർശിക്കുന്നുണ്ട്. സാഹസികതയുടെ ചടുലതയും സ്നേഹത്തിന്റെ ആർദ്രതയും ആശങ്കയുടെ നെടുവീർപ്പുകളും അവരിൽ ഒരുമിച്ചുകൂടുന്നു. “നാം മൂസായുടെ മാതാവിന് ബോധനം നൽകി: നീ അവനെ മുലയൂട്ടിക്കൊള്ളുക... മൂസായുടെ മാതാവിന്റെ ഹൃദയം പിടക്കുകയായിരുന്നു... അവനെ നാം ഉമ്മയിലേക്ക് തിരിച്ചെത്തിച്ചു... അവളുടെ കണ്ണ് കുളിരാൻ. അവളുടെ വിഷമമകറ്റാൻ....” (*അൽഖസസ്* 7 -13 ).

ദൈവിക നിശ്ചയ പ്രകാരം പുരുഷ സ്പർശനം കൂടാതെ ഈസാ(അ)യെ ഗർഭം ധരിച്ച ഭക്തയായ മർയമിന്റെ കഥ വിശദമായി ഖുർആൻ പ്രതിപാദിക്കുന്നു. മർയമിന് അനുഭവിക്കേണ്ടിവന്ന നോവുകളും കഷ്ടപ്പാടുകളും ഏതു ശിലാഹൃദയന്റെയും കരളലിയിക്കാതിരിക്കില്ല. “ഞാൻ പണ്ടേ മരിച്ചുപോയിരുന്നെങ്കിൽ... വിസ്മൃതിയുടെ ഇരുളിലേക്ക് ഞാൻ തള്ളപ്പെട്ടിരുന്നെങ്കിൽ....” എന്ന മർയമിന്റെ വിലാപം, തന്റെ കുഞ്ഞിന്റെ പേരിൽ അനുഭവിക്കേണ്ടിവന്ന തീവ്ര പീഡനങ്ങളുടെ സ്വാഭാവിക പ്രകാശനം മാത്രമാണ്. ഈസാ(അ)യുടെ ‘തൊട്ടിൽ പ്രഭാഷണ’ത്തിൽ ‘എന്റെ ഉമ്മക്ക് ഞാൻ ഒരുപാട് നന്മ ചെയ്യും’ എന്ന് പ്രത്യേകം പറയുന്നതും ശ്രദ്ധിക്കുക (സൂറ *മർയം* 16-32 വരെ).

വിശുദ്ധ ഖുർആന്റെ ഈ മിഴിവാർന്ന ചിത്രങ്ങൾ നെഞ്ചിലേക്ക് ചേർത്തുവെച്ച് നമുക്ക് സഹതപിക്കാം, പെണ്ണായി ജനിച്ചുപോയ ഏതോ ഒരാർത്തിപ്പണ്ടത്തിന്റെ മാംസനിർമിതമായ വാടക മുറിയിൽ ഗർഭകാലം ചെലവിടാൻ വിധിക്കപ്പെട്ട പാവം കുഞ്ഞിനോട്, മാതൃത്വത്തിന്റെ ആർദ്ര വൈകാരികതയും പിതൃത്വത്തിന്റെ വാത്സല്യവും നിഷേധിക്കപ്പെട്ട പാവം മനുഷ്യനോട്. ■

shanavasthodiyoor@gmail.com



ഫിർഔനിനെതിരെയുള്ള നിരന്തരമായ വിമർശനം അയാൾ ആൺകുഞ്ഞുങ്ങളെ കൊല്ലുന്നു എന്നതാണ്. മൂസാ നബിയുടെ നിയോഗത്തിന്റെ മുഖ്യമായ ഒരു പ്രമേയം ഈ കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടമായിരുന്നു. ഇങ്ങനെ കുഞ്ഞുങ്ങൾക്കു വേണ്ടി, അവരുടെ അവകാശങ്ങൾക്കു വേണ്ടി പോരാടിയ ദീർഘ ചരിത്രം ഇസ്‌ലാമിനുണ്ട്.